REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-06-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- NDA-യ്ക്ക് മൂന്നാം തവണയും തുടർഭരണം പ്രവചിച്ച് എക്സിറ്റ് പോളുകൾ.
- കേരളത്തിലെ എക്സിറ്റ് പോൾ ഫലങ്ങളോട് രാഷ്ട്രീയ പാർട്ടികളുടെ സമ്മിശ്ര പ്രതികരണം.
- മറ്റന്നാളത്തെ വോട്ടെണ്ണലിന് ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ.
- അരുണാചൽ പ്രദേശിലും, സിക്കിമിലും ഭരണപക്ഷങ്ങൾ വീണ്ടും വിജയത്തിലേക്ക്.
- പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിച്ച് സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും.
- ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പിന്റെ ആദ്യ മത്സരത്തിൽ അമേരിക്കയ്ക്ക് വിജയം.

## വാർത്തകൾ വിശദമായി

NDA-യ്ക്ക് മൂന്നാംവട്ടവും തുടർഭരണം പ്രവചിച്ച് എക്സിറ്റ് പോളുകൾ പുറത്തുവന്നു. ഇന്നലെ ലോക്സഭ തിരഞ്ഞെടുപ്പിന്റെ അവസാനഘട്ട വോട്ടെടുപ്പ് പൂർത്തിയായശേഷമാണ് പ്രമുഖ സ്വകാര്യ മാധ്യമസ്ഥാപനങ്ങൾ എക്സിറ്റ് പോളുകൾ സംപ്രേഷണം

ചെയ്തത്. NDA-യ്ക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കുമെന്നാണ് മിക്ക ഫലപ്രവചനങ്ങളും സൂചിപ്പിക്കുന്നത്. പ്രതിപക്ഷ INDI സഖ്യത്തിന് 125 മുതൽ 150 വരെ സീറ്റുകൾ ലഭിക്കുമെന്നും സർവേകൾ വിലയിരുത്തി.

കേരളത്തിൽ UDF-നാണ് മിക്ക എക്സിറ്റ് പോൾ ഫലങ്ങളിലും മുൻതൂക്കം പ്രവചിച്ചിരിക്കുന്നത്. 15 മുതൽ 18 വരെ സീറ്റുകൾ സംസ്ഥാനത്ത് UDF-ന് ലഭിക്കുമെന്ന് എക്സിറ്റ് പോളുകൾ പറയുന്നു. BJP സംസ്ഥാനത്ത് അക്കൗണ്ട് തുറക്കുമെന്നും ചില എക്സിറ്റ് പോളുകൾ പ്രവചിച്ചു. എക്സിറ്റ് പോൾ ഫലങ്ങൾ ബിജെപി നേതാക്കൾ ശരിവെച്ചു.

എന്നാൽ, ഇത്തരം പ്രവചനങ്ങൾ BJP സ്പോൺസർ ചെയ്തതാണെന്ന് കോൺഗ്രസ് പ്രതികരിച്ചു. യഥാർത്ഥ ഫലം ഇതിൽ നിന്നും ഏറെ വ്യത്യസ്തമായിരിക്കുമെന്നും അവർ പറഞ്ഞു.

എക്സിറ്റ് പോളുകൾ ഒരിക്കലും യാഥാർഥ്യം പുറത്തുകൊണ്ടുവരില്ലെന്നും, ഇതിനെ വോട്ടെടുപ്പ് ഫലമായി കാണാനാവില്ലെന്നും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. കേരളത്തിൽ UDF മികച്ച മുന്നേറ്റം നടത്തുമെന്ന് അദ്ദേഹം ഹരിപ്പാട് പറഞ്ഞു.

എക്സിറ്റ് പോളുകൾ അശാസ്ത്രീയമാണെന്ന് കോൺഗ്രസ് നേതാവ് ഡോ. ശശി തരൂരും വിലയിരുത്തി. കേരളത്തിലോ തമിഴ്നാട്ടിലോ BJP നേട്ടമുണ്ടാക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

എക്സിറ്റ് പോളിന്റെ എല്ലാ പ്രവചനങ്ങളും സംശയാസ്പദമാണെന്ന് LDF കൺവീനർ E.P ജയരാജൻ പറഞ്ഞു. ഇത് ശാസ്ത്രീയമായി ജനവികാരം മനസ്സിലാക്കി ചെയ്തതാണെന്ന് കരുതുന്നില്ല. എക്സിറ്റ്പോളിൽ രാഷ്ട്രീയ താല്പര്യമുണ്ടെന്ന് സംശയിക്കുന്നതായും ജയരാജൻ പറഞ്ഞു.

തിരഞ്ഞെടുപ്പിൽ LDF-ന് കണ്ണഞ്ചിപ്പിക്കുന്ന വിജയമുണ്ടാകുമെന്ന് CPIM നേതാവ് A.K ബാലൻ പറഞ്ഞു. കേരളം എല്ലാ സീറ്റും INDI മുന്നണിക്ക് സംഭാവന ചെയ്യുന്ന സംസ്ഥാനമാകുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വിശ്വാസം പ്രകടിപ്പിച്ചു.

BJP-യുടെ വിലയിരുത്തലുകളെ ശരിവെയ്ക്കുന്നതാണ് എക്സിറ്റ് പോൾ പ്രവചനമെന്ന് കേന്ദ്രസഹമന്ത്രി V. മുരളീധരൻ പറഞ്ഞു. INDI സഖ്യത്തിന് വോട്ടുചെയ്യുന്നതിന് പകരം കേരളത്തിലെ ജനങ്ങൾ NDA യെ പിന്തുണയ്ക്കുമെന്ന് BJP നേരത്തെ കണക്കുകൂട്ടിയതാണെന്നും മുരളീധരൻ അറിയിച്ചു.

✪✪✪

BJP-ക്ക് കേരളത്തിൽ അഞ്ചോ ആറോ സീറ്റ് വരെ കിട്ടുമെന്ന് പാർട്ടി സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ പറഞ്ഞു. എക്സിറ്റ്പോൾ ഫലങ്ങളെ കടത്തിവെട്ടുന്ന വിജയമായിരിക്കും BJP-യുടേത്. LDF-ന്റെയും UDF-ന്റെയും വോട്ടിംഗ് ശതമാനം കുറയുമെന്നും ഇടത് മുന്നണിക്ക് എതിരായ ഭരണ വിരുദ്ധ വികാരം BJP വോട്ടുകളായി

മാറിയിട്ടുണ്ടെന്നും സുരേന്ദ്രൻ വാർത്താ ചാനലിനോട് പറഞ്ഞു.

✪✪✪

കേരളത്തിൽ BJP അക്കൗണ്ട് തുറക്കുമെന്ന എക്സിറ്റ്പോൾ ഫലങ്ങൾ പരിഹാസ്യമാണെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. വോട്ട് എണ്ണുന്നത് വരെയായിരിക്കും സംസ്ഥാനത്ത് BJP-യുടെ MP സ്ഥാനമെന്ന് മുഹമ്മദ് റിയാസ് വാർത്താ ചാനലിനോട് പറഞ്ഞു.

✪✪✪

തൃശൂരിൽ UDF-ന് വിജയം ഉറപ്പാണെന്ന് തൃശൂരിലെ സ്ഥാനാർത്ഥി കൂടിയായ K. മുരളീധരൻ പറഞ്ഞു. BJP സ്ഥാനാർത്ഥി മൂന്നാം സ്ഥാനത്തായിരിക്കുമെന്നും മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ചൊവ്വാഴ്ച രാവിലെ എട്ടിന് ആരംഭിക്കും. 543 മണ്ഡലങ്ങളിലെയും കൃത്യമായ ഫലസൂചനകൾ ഉച്ചയോടെ ലഭ്യമാകും. ഇതോടൊപ്പം ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ തെരഞ്ഞെടുപ്പിന്റെയും മറ്റ് സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പിന്റെയും വോട്ടെണ്ണൽ നടക്കും.

ഡെസ്ക് റിപ്പോർട്ട്.

............വോയ്സ്..........

വോട്ടെണ്ണലുമായി ബന്ധപ്പെട്ട അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ കേന്ദ്ര സേനയെ കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്. ആന്ധ്രപ്രദേശിലും പശ്ചിമ ബംഗാളിലും സുരക്ഷാ സേന വോട്ടെണ്ണലിനു ശേഷം 15 ദിവസം കൂടി സംസ്ഥാനങ്ങളിൽ തുടരും. ഉത്തർപ്രദേശ്, ഒഡീഷ, സിക്കിം, അരുണാചൽ പ്രദേശ്, എന്നിവിടങ്ങളിൽ വ്യാഴാഴ്ച വരെ സുരക്ഷാ സേനയുടെ സാന്നിധ്യം ഉണ്ടായിരിക്കും.

വോട്ടെണ്ണലിന് സംസ്ഥാനത്ത് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ജില്ലകളിൽ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ നേതൃത്വത്തിലാണ് ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ ജില്ലാ കലക്ടർമാർ വിലയിരുത്തി.

മറ്റന്നാൾ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം പോസ്റ്റൽ ബാലറ്റുകൾ എണ്ണും. തുടർന്ന് വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകളും എണ്ണും. വോട്ടെണ്ണൽകേന്ദ്രങ്ങളിൽ റാൻഡമായി തെരഞ്ഞെടുക്കുന്ന അഞ്ച് പോളിംഗ് സ്റ്റേഷനുകളിലെ VVPAT മെഷീനുകളിലെ വോട്ടുകളുമായി, അവ ഒത്തുനോക്കി സ്ഥിരീകരിക്കും. വോട്ടെണ്ണൽ തുടങ്ങി മണിക്കൂറുകൾക്കകം ആദ്യഫലസൂചനകൾ ലഭ്യമാകും. പൊതുജനങ്ങൾക്ക് തത്സമയ ഫലമറിയാൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ഹെൽപ് ലൈൻ അപ്ലിക്കേഷനിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

വോട്ടെണ്ണൽ പ്രക്രിയ പൂർണമായും വീഡിയോയിൽ ചിത്രീകരിക്കും.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഏഴ് ഘട്ടത്തിലെയും വോട്ടെടുപ്പ് ഇന്നലെ പൂർത്തിയായി. ഏപ്രിൽ 19, 26, മെയ് 7, 13, 20,25, ജൂൺ ഒന്ന്, തിയതികളിലായിരുന്നു വോട്ടെടുപ്പ്. ഏഴ് ഘട്ടങ്ങളും തികച്ചും സമാധാനപരവും പ്രശ്നരഹിതവുമായിരുന്നുവെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ അറിയിച്ചു. കർശന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയത് വഴി വോട്ടർമാർക്ക് ബാഹ്യ സ്വാധീനമൊന്നുമില്ലാതെ വോട്ട് ചെയ്യാൻ കഴിഞ്ഞെന്ന് കമ്മീഷൻ വിലയിരുത്തി.

✪✪✪

അരുണാചൽ പ്രദേശ്, സിക്കിം നിയമസഭ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. അരുണാചലിൽ BJP-യ്ക്ക് ഭരണത്തുടർച്ചാ സൂചനയാണ് ലഭിക്കുന്നത്.

ആകെ 60 സീറ്റുകളിൽ 28 ഇടത്ത് BJP വിജയിച്ചു. 18 ഇടത്ത് അവർക്ക് ലീഡുമുണ്ട്. NPEP രണ്ട് സീറ്റിൽ വിജയിച്ചു. മൂന്നിടത്ത് ലീഡ് ചെയ്യുന്നുണ്ട്. NCP മൂന്ന് സീറ്റിലാണ് ലീഡ് ചെയ്യുന്നത്.

സിക്കിമിൽ, സിക്കിം ക്രാന്തികാരി മോർച്ചയ്ക്ക് ഭരണത്തുടർച്ച ഉറപ്പാക്കുന്നതാണ് ഫലസൂചനകൾ. 16 സീറ്റിൽ വിജയിച്ചു. 15 സീറ്റിൽ അവർക്ക് വ്യക്തമായ ലീഡുണ്ട്. സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ട് ഒരു സീറ്റിൽ വിജയിച്ചു.

✪✪✪

മധ്യപ്രദേശിലെ ഷിയോപൂരിന് സമീപം ബോട്ട് മുങ്ങി കുഞ്ഞുങ്ങൾ അടക്കം ഏഴ് പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദുഃഖവും അനുശോചനവും അറിയിച്ചു. ഇന്നലെ വൈകിട്ടോടെയാണ് 11 പേരുമായി പോവുകയായിരുന്ന ബോട്ട്, സീപ് നദിയിൽ ശക്തമായ കാറ്റിൽ മുങ്ങിയത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒട്ടേറെ സുപ്രധാന യോഗങ്ങളിൽ പങ്കെടുക്കും. വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ റെമാൽ ചുഴലിക്കാറ്റിന് ശേഷമുണ്ടായ സാഹചര്യങ്ങൾ അവലോകനം ചെയ്യാനാണ് ആദ്യ യോഗം. രാജ്യത്തെ ഉഷ്ണതരംഗ സാഹചര്യം വിലയിരുത്താൻ മോദി മറ്റൊരു യോഗത്തിലും സംബന്ധിക്കും. ലോക പരിസ്ഥിതി ദിനം വിപുലമായി ആഘോഷിക്കുന്നതിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്ന മറ്റൊരു യോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും. അടുത്ത ഗവൺമെന്റിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ അജണ്ട നിശ്ചയിക്കുന്ന പ്രധാനയോഗത്തിലും നരേന്ദ്രമോദി സംബന്ധിക്കും.

✪✪✪

പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിച്ച് സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. ആദ്യമായി വിദ്യാലയങ്ങളിലെത്തുന്ന കുരുന്നുകളെയും പുതിയ

ക്ലാസ്സുകളിലെത്തിയവരെയും വരവേൽക്കാൻ എല്ലാ സ്കൂളുകളിലും പ്രവേശനോത്സവം സംഘടിപ്പിക്കും. ഒന്നര ലക്ഷത്തിലേറെ കുട്ടികൾ ഈ വർഷം ഒന്നാം ക്ലാസ്സിൽ എത്തുമെന്നാണ് പ്രാഥമിക വിലയിരുത്തൽ.

സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല പരിപാടി നാളെ രാവിലെ എറണാകുളം എളമക്കര ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിനു മുമ്പ് മന്ത്രി V. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ഒന്നാം ക്ലാസിലെത്തുന്ന കുട്ടികളെ സ്വീകരിക്കും. തുടർന്ന് പ്രവേശനോത്സവ ഗാനത്തിന്റെ ദൃശ്യാവിഷ്കാരം പ്രദർശിപ്പിക്കും. മന്ത്രി P. രാജീവ്, പ്രതിപക്ഷ നേതാവ് V.D. സതീശൻ, മറ്റ് ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

ഇതേസമയം തന്നെ ജില്ലാ തല പ്രവേശനോത്സവങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. മന്ത്രിമാരും മറ്റ് ജനപ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

പുതിയ അധ്യയനവർഷം മാറ്റങ്ങളുടേതായിരിക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. പ്രീ പ്രൈമറി മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന നിലവാരം, മൂല്യനിർണയം ഉൾപ്പെടെ കുറ്റമറ്റതാക്കൻ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് പാഠ്യപദ്ധതി പരിഷ്ക്കരണം ഉൾപ്പെടെ

കാര്യങ്ങൾക്ക് ഗവണ്മെന്റ് പ്രാധാന്യം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലാതല സ്കൂൾ പ്രവേശനോത്സവം ചെറുവണ്ണൂർ ഗവൺമെൻറ് വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

പ്രവേശനോത്സവത്തിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം നാളെ ചിറ്റാരിപ്പറമ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കെ.കെ. ശൈലജ MLA നിർവഹിക്കും.

✪✪✪

ന്യൂയോർക്കിൽ ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റ് ആദ്യമത്സരത്തിൽ അമേരിക്കയ്ക്ക് ഏഴുവിക്കറ്റ് വിജയം. കാനഡയുടെ 195 റൺസ് വിജയലക്ഷ്യം, 14 പന്ത് ബാക്കിനിൽക്കെ അമേരിക്ക മറികടന്നു. ആദ്യം ബാറ്റ് ചെയ്ത കാനഡ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 194 റൺസെടുത്തു.

ഇന്ന് വെസ്റ്റ്ഇൻഡീസ്, പാപുവന്യൂഗിനിയയെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

✪✪✪

നോർവേ ചെസ് ടൂർണമെന്റിന്റെ അഞ്ചാം റൗണ്ടിൽ ലോക രണ്ടാം നമ്പർ താരം ഫാബിയാനോ കരുവാനയെ തോൽപ്പിച്ച് ഇന്ത്യയുടെ R. പ്രഗ്നാനന്ദ ടൂർണമെന്റ് സ്റ്റാൻഡിംഗിൽ മൂന്നാം സ്ഥാനത്തെത്തി. ഈ വിജയത്തോടെ 8.5 പോയിന്റുമായി പ്രഗ്നാനന്ദ ലോക ചെസ്സ് ടോപ്-10ൽ തിരിച്ചെത്തി. മൂന്നാം

റൗണ്ടിൽ ലോക ഒന്നാം നമ്പർ മാഗ്നസ് കാൾസണെ പ്രഗ്നാനന്ദ പരാജയപ്പെടുത്തിയിരുന്നു.

✪✪✪

FIH വനിതാ ഹോക്കി പ്രോലീഗ് മത്സരത്തിൽ ഇന്ത്യ ഇന്ന് ബ്രിട്ടനെ നേരിടും. ഇന്ത്യൻ സമയം രാത്രി ഏഴിന് ലണ്ടനിലാണ് മത്സരം. പുരുഷ ഹോക്കിയിൽ ഇന്ത്യ - ബ്രിട്ടൻ മത്സരം വൈകിട്ട് 4.45നാണ്.

✪✪✪

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രവുമായി ബന്ധപ്പെട്ട കർണാടക ഉപമുഖ്യമന്ത്രി D.K. ശിവകുമാറിന്റെ വിവാദ പരാമർശം ഭക്തർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കിയെന്ന് ക്ഷേത്രം തന്ത്രി E.P കുബേരൻ നമ്പൂതിരിപ്പാടും ക്ഷേത്രം ഭാരവാഹികളും കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കർണാടകയിൽ നിന്ന് നിരവധി ഭക്തജനങ്ങൾ രാജരാജേശ്വര ക്ഷേത്രത്തിൽ എത്തുന്നുണ്ട്. അവരിൽ ഇത് ആശങ്ക സൃഷ്ടിച്ചേക്കാം. പരാമർശം പിൻവലിക്കാൻ ഉത്തരവാദപ്പെട്ടവർ തയ്യാറാകണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് പലയിടത്തും ശക്തമായ മഴ തുടരുന്നു. ഇന്ന് വടക്കൻ കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്, കോഴിക്കോട്, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

കാസർഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

ഇന്നലെ ശക്തമായ മഴയിൽ തൃശൂർ, എറണാകുളം, മലപ്പുറം ജില്ലകളിലെ പലയിടത്തും വെള്ളക്കെട്ട് രൂക്ഷമായി. മലയോര പ്രദേശങ്ങളിൽ നാശനഷ്ടമുണ്ടായി. ഉരുൾപൊട്ടൽ ഉൾപ്പെടെ ദുരന്തസാധ്യതാ മേഖലകളിൽ ദുരന്തനിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സ്ഥിരമായി വെള്ളക്കെട്ട് രൂപപ്പെടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സാഹചര്യം വിലയിരുത്തി ക്യാമ്പുകളിലേക്ക് മാറണമെന്നും അധികൃതർ നിർദ്ദേശിച്ചു.

✪✪✪

മലപ്പുറത്ത് ഇന്നലെ പെയ്ത കനത്ത മഴയിൽ നഗരസഭയുടെ പലഭാഗങ്ങളിലും വെള്ളം കയറി. പൊന്നാനി വിജയമാതാ ഹൗസിങ് കോളനി, കുട്ടാട്, ചമ്രവട്ടം ജങ്ഷൻ, അഴീക്കൽ മേഖലയിൽ അമ്പതോളം വീടുകളിൽ വെള്ളം കയറി. 25- കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് സ്ത്രീകൾക്ക് മാത്രമായി ഹജ്ജ് വിമാനം നാളെ ഉച്ചയ്ക്ക് ഒന്നരയ്ക്ക് യാത്ര തിരിക്കും. നാളെ രണ്ട് വിമാനങ്ങൾ ഹജ്ജ് സർവ്വീസ് നടത്തും.

✪✪✪

കണ്ണൂർ വളപട്ടണം കളരിവാതുക്കൽ ഭഗവതി ക്ഷേത്ര ത്തിലെ പെരുങ്കളിയാട്ടം ഇന്ന് നടക്കും. ഉത്തര കേരളത്തിലെ

ഈവർഷത്തെ കളിയാട്ടങ്ങൾക്ക് ഇതോടെ സമാപനമാവും. കലശം നിറക്കൽ രാവിലെ തുടങ്ങി.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ആരാധനകളിൽ മൂന്നാമത്തേതായ രേവതി ആരാധന ഇന്ന് നടക്കും. മണിത്തറയിലെ സ്വയംഭൂവിൽ പാലമൃത് അഭിഷേകം നടത്തും.

✪✪✪